1969-1999



നന്ദിത

# കണ്ണുകളിൽ കവിതയും ഹൃദയത്തിൽ വേദനയും ഒളിപ്പിച്ചുവച്ച ഒരു സ്വപ്നവിസ്മയത്തിന്...

"ജനിമൃതിയുടെ ഏതു പാതയിൽവച്ചാണ്
നമ്മളന്യോന്യം
കാണാതെ പോയത്?
ഈ ഭൂമിയോടു വിടവാങ്ങും മുമ്പ്
ഒരു മാത്രപോലും കാണാതെ
ഒന്നു ഹസ്തദാനം പോലും ചെയ്യാതെ
എന്തു കൊണ്ടാണ് നീയെന്നെക്കടന്നു പോയത്?"

(റോസ്മേരി)

മൂന്നുവർഷം മുമ്പ് ജനുവരിയിലെ ഒരു മഞ്ഞുപൊഴിയുന്ന രാത്രിയിലാണ് ഒരുപാടു ചോദ്യങ്ങൾ തന്റെ പ്രിയപ്പെട്ടവർക്കെറിഞ്ഞുകൊടുത്ത്, കുറെയധികം സ്വപ്നങ്ങളും ശ്ലഥചിന്തകളും ഈ മണ്ണിലവശേഷിപ്പിച്ച് നന്ദിത ഈ ലോകം വിട്ടുപോയത്. ഒരുപാടു സ്വപ്നങ്ങളും പ്രതീക്ഷകളും ഒരിയ്ക്കലും തീരാത്ത സ്നേഹത്തിനു വേണ്ടിയുള്ള ദാഹവും എന്നാൽ അതോടൊപ്പം തന്നെ മരണത്തോടുള്ള അഭിനിവേശവും നന്ദിതയിലുണ്ടായിരുന്നു. ഇവയെല്ലാം നിഴലിക്കുന്ന വരികളാണ് നന്ദിതയുടേത്. പക്ഷെ നന്ദിത എഴുതുമെന്ന് വീട്ടുകാരോ അടുത്ത സുഹൃത്തുക്കളോ അറിഞ്ഞത് നന്ദിതയുടെ മരണശേഷമാണ്. യഥാർത്ഥ നന്ദിതയെ അറിയുന്നവർ ആരുമുണ്ടായിരുന്നില്ല എന്നതാണു നേര്.

'ആരെയും അസൂയപ്പെടുത്തുംവിധം ബഹിർമുഖയായിരുന്ന നന്ദിതയുടെ ചിരിയും കളികളും ആഴമേറിയ അന്തർമുഖത്വത്തിന്റെ ആവരണം മാത്രമായിരുന്നുവെന്ന് അറിയാതെ പോയി' എന്ന് സഹപ്രവർത്തകയും കൂട്ടുകാരിയുമായ ശ്രീലത വിഷാദിയ്ക്കുന്നുണ്ട്. എല്ലാവരുമറിയുന്ന നന്ദിതയല്ല താനെന്ന് നന്ദിതയുടെ വരികൾതന്നെ വിളിച്ചുപറയുന്നുണ്ട്. മനസ്സിലൊളിപ്പിച്ചുവച്ച വേദനയുടെ ആഴം മുഴുവൻ ആ വരികളിലുണ്ട്. "കവിത വേദനയുടെ ഗർഭപാത്രത്തിൽ നിന്ന് കരഞ്ഞു പിറക്കുന്നു"എന്നാണല്ലോ നന്ദിതയെഴുതിയത്. നന്ദിത പറയാതെ പോയതു പലതും ഈ വരികളിലുണ്ട്. ഒരർത്ഥത്തിൽ നമുക്കെല്ലാവർക്കും അജ്ഞാതമായ നന്ദിതയുടെ ജീവിതവും ഈ വരികൾതന്നെ.

വയനാട് ജില്ലയിലെ മടക്കിമലയിൽ ജനിച്ച നന്ദിത മരിക്കുമ്പോൾ വയനാട് മുട്ടിൽ മുസ്ലിം ഓർഫനേജ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അദ്ധ്യാപികയായിരുന്നു. 'സ്വന്തമാക്കാൻ ആഗ്രഹിക്കുകയും സാധിക്കാതെ പോകുകയും ചെയ്ത നക്ഷത്രസൗഹൃദത്തിന്റെ നിരാകരണമാവാം തന്നോടു തന്നെ ക്രൂരത കാട്ടാൻ നന്ദിതയെ പ്രേരിപ്പിച്ചതെ'ന്ന് എം.എം. ബഷീർ പറയുന്നുണ്ട്. ഒരിക്കലും തുറക്കാത്ത പുസ്തകം പോലെയായിരുന്നു നന്ദിതയുടെ മനസ്സ്. ഉള്ളിലെ അലകളും ചുഴികളും ആരുമറിഞ്ഞില്ല, നന്ദിത ആരെയുമറിയിച്ചില്ല. വ്യത്യസ്തമായ ബിംബങ്ങളിലൂടെ വികാരങ്ങളെ തീവ്രമായി ആവിഷ്ക്കരിക്കുന്ന വരികൾ നന്ദിതയുടെ ജീവിതം തന്നെയാണ്.

നിറഞ്ഞ സ്നേഹവും ഒരുപിടി സ്വപ്നങ്ങളും സ്നേഹശൂന്യത നൽകിയ വേദനയും ആ കവിതകളിൽ നിഴലിക്കുന്നു.

"നരച്ച കണ്ണുകളുള്ള
പെൺകുട്ടി
സ്വപ്നം നട്ടുവിടർന്ന അരളിപ്പൂക്കൾ ഇറുത്തെടുത്ത്
അവൾ പൂപ്പാത്രമൊരുക്കി.
പൂക്കളടർന്നുണങ്ങിയ
തണ്ടിന് വിളർത്ത പൗർണ്ണമിയുടെ
നിറം,

"അവളുടെ കണ്ണുകൾക്കും..."

നിലാവിന്റെ നിറമുള്ള കണ്ണുകളുള്ള പെൺകുട്ടി... മരണത്തോടെന്നപോലെ ജീവിതത്തോടും അവൾക്കഭിനിവേശമുണ്ടായിരുന്നു. 'വർഷമാരിചൊരിയുന്ന വാക്കുകളും വസന്തത്തിൽ പൂക്കുന്ന വിരൽത്തുമ്പുകളും ശിശിരത്തിലുറയുന്ന ചുണ്ടുകളും' സ്വപ്നംകണ്ട് നന്ദിത ദിവ്യമായ പ്രണയത്തെക്കുറിച്ചു പാടി.

"നീ മഴയാകുക
ഞാൻ കാറ്റാകാം
എന്റെ കാറ്റ് നിന്നിലലിയുമ്പോൾ
നിന്റെ മഴ എന്നിലേക്കു പെയ്തിറങ്ങട്ടെ
കാടുപൂക്കുമ്പോൾ
നമുക്ക് കടൽക്കാറ്റിന്റെ ഇരമ്പലിനു കാതോർക്കാം."

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെന്നോണം നന്ദിത കുറിച്ചിട്ടതാണ്, നന്ദിതയുടെ ശേഷിപ്പുകളാണ് ഈ കവിതകൾ. ശബ്ദം നഷ്ടപ്പെട്ടുപോയ കരച്ചിലോ, ചോരപൊടിയുന്ന വേദനയോ ഒക്കെയാണ് നന്ദിതയുടെ കവിത. നിസ്സഹായതയുടെ നെടുവീർപ്പുകളും സ്വപ്നത്തിന്റെ സമരേഖകളും ശാപത്തിന്റെ നഖചിത്രങ്ങളും സ്നേഹത്തിന്റെ ആർദ്രതയും കൂടിയാണത്. ഏറ്റവും ഖേദകരം, അച്ഛനമ്മമാർക്കോ, കൂട്ടുകാർക്കോ അധ്യാപകർക്കോ ആർക്കും തന്നെ നന്ദിതയെ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നതാണ്. നന്ദിതയുടെ ജീവിതവും മരണകാരണവും ഇന്നും നിഗൂഢവും ദുരൂഹവുമാണ്. എങ്കിലും നന്ദിതയുടെ കവിതകളിലുടനീളം മരണത്തോടുള്ള വല്ലാത്തൊരിഷ്ടം തെളിഞ്ഞുകാണാം. എല്ലാവേദനകൾക്കുമപ്പുറത്തുള്ളൊരു രക്ഷയായോ, രക്ഷകനായോ ഒക്കെ മരണം കടന്നുവരുന്നു.

"വിദ്വേഷം നിറഞ്ഞ കണ്ണുകൾക്കുതാഴെ പുഞ്ചിരിക്കുന്ന ചുണ്ടുകളില്ലാത്തൊരു ലോകത്തേക്ക്
എനിക്കുരക്ഷപ്പെടണം"

എന്നാഗ്രഹിച്ച നന്ദിത വേറൊരിടത്ത്

"ചിന്തകൾ എന്നെ ഭ്രാന്തുപിടിപ്പിക്കും മുമ്പ്
അവശേഷിക്കുന്ന
ഈ ചലനവും നിലച്ചെങ്കിൽ..." എന്നെഴുതി.

നിരന്തരം മരണത്തെക്കുറിച്ചു ചിന്തിച്ച്, മരണത്തെക്കുറിച്ചെഴുതി ഒടുവിൽ നന്ദിത മരണത്തിൽ തന്നെ അഭയം കണ്ടെത്തി. എല്ലാ മുറിവുകളും വേദനകളുമെന്നപോലെ കവിതയും രഹസ്യമാക്കിവച്ച്, ഡയറിത്താളുകളിലൊതുക്കി, ആർക്കും പിടികൊടുക്കാതെ

"സാഗരത്തിന്റെ അനന്തതയിൽ പൂക്കുന്ന
സ്വപ്നങ്ങളും അറുത്തെടുത്ത്
ജനനിയുടെ ഗർഭപാത്രത്തിലേക്ക്..." യാത്രയായി നന്ദിത. ജന്മത്തിന്റെ ഓരങ്ങളിലെവിടെയോ വഴിയറിയാതെ പകച്ചുനിൽക്കുന്ന വിവേകിയായ ഒരു കൊച്ചുകുഞ്ഞിന്റെ വെളിപാടുകളെ ഓർമ്മിപ്പിക്കുന്നു നന്ദിതയുടെ വരികൾ..! നിലനിൽപിന്റെ എല്ലാ വിശ്വാസങ്ങളും സ്നേഹവും കനിവും നഷ്ടപ്പെട്ടുവെന്നു തിരിച്ചറിയുന്നവന്റെ ജല്പനങ്ങളെ ഓർമ്മിപ്പിക്കുന്നു നന്ദിതയുടെ വരികൾ!! തിരിച്ചറിയപ്പെടാത്ത സ്വപ്നങ്ങളും ഭ്രാന്തുകളുമായി ഈ കവിതകളവശേഷിക്കുമ്പോൾ ഇനിയും നന്ദിതയെ അറിയണമെന്നുണ്ടെങ്കിൽ നമുക്കീ ചുമരുകളോടു ചോദിക്കാം... ഇവിടത്തെ മൺതരികളോടു ചോദിക്കാം. ഈ കലാലയത്തിന്റെ ഇടനാഴികളിലൂടെയാണ് ഉള്ളിൽ സ്നേഹവും, വേദനയും, സ്വപ്നവും, പ്രണയവും, കവിതയും അടക്കിപ്പിടിച്ച്, ചിരിച്ചുകൊണ്ട് നന്ദിത നടന്നുപോയത്.. ഒരു പക്ഷെ ആരുമറിഞ്ഞിട്ടില്ലാത്ത നന്ദിതയെ ഇവർക്കറിയുമായിരിക്കും. ആരും തിരിച്ചറിയാതിരുന്നപ്പോഴും ആർക്കും പിടികൊടുക്കാതിരുന്നപ്പോഴും ഒരുപക്ഷെ നന്ദിത ഇവരോട് തന്റെയുള്ളു തുറന്നിട്ടുണ്ടാവാം.. നമുക്കറിയാൻ ശ്രമിക്കാം, നന്ദിത ആരായിരുന്നുവെന്ന്.


"ഇനിയുറങ്ങാൻ പോവുക.
വേനലിലിനിയും ഉണരാൻ
ശക്തിയായ് വിരിയാൻ
ശിശിരത്തിൽ
ഇനിയുറങ്ങാൻ പോവുക.."

ശാലിനി



സ്മരണാഞ്ജലി

നമ്മുടെ സംഘഗാനത്തിലെ
രണ്ട് വരികൾ
നഷ്ടമായിരിക്കുകയാണ്.
ഓർത്തെടുക്കാൻ കഴിയാതെ
എന്നാൽ ഉള്ളിലെവിടെയോ
താളം പിടിച്ചുകൊണ്ട്.....



അബ്ദുൽറഹീം